തൊഴിൽ ലഭിച്ചു കഴിഞ്ഞവരുടെ പേരുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലിസ്റ്റിൽ നിന്നും ഒഴിവാക്കാൻ നടപടി

*4 [234] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തൊഴിൽ ലഭിച്ചു കഴിഞ്ഞവരുടെ പേരുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് മുന്നോടിയായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ രഹിതരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലും ഉദ്യോഗാർത്ഥികൾക്ക് യഥാസമയം അറിയിപ്പ് നൽകുന്നതിലും വീഴ്ചവരുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ഉദ്യോഗദായകൻ അറിയിക്കുന്ന ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നൽകിവരുന്നു. ഈ ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് നിയമനം നൽകുന്നത് ഉദ്യോഗദായകനാണ്. ഉദ്യോഗാർത്ഥികളെ സെലക്ട് ചെയ്തതിനുശേഷം 'റിസൾട്ട് ഓഫ് സെലക്ഷൻ' 14 ദിവസത്തിനകം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ രേഖാമൂലം അറിയിക്കേണ്ടതാണ്. റിസൾട്ട് ഓഫ് സെലക്ഷൻ ഉദ്യോഗദായകൻ ബന്ധപ്പെട്ട എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനെ അറിയിച്ചു കഴിഞ്ഞാൽ ഒഴിവിന്റെ സ്വഭാവം (സ്ഥിരം/താല്ക്കാലികം) അടിസ്ഥാനമാക്കി തൊഴിൽ ലഭിച്ചവരുടെ രജിസ്ട്രേഷൻ രേഖ (X-I) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ലൈവു രജിസ്റ്ററിൽ നിന്നും ജോലി ലഭിച്ചതിനാൽ മാറ്റിവയ്ക്കുന്നു.

(ബി ആന്റ് സി) ഉണ്ട്. സീനിയോറിറ്റി ലിസ്റ്റുകളിൽ നിന്നുതന്നെ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. മാത്രമല്ല, നാമനിർദ്ദേശം ചെയ്യുന്ന എല്ലാ ഉദ്യോഗാർത്ഥികളെയും സെലക്ഷന് പരിഗണിക്കണമെന്ന് ഉദ്യോഗദായകർക്ക് നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ ബോഡി നിർമ്മാണം

*5 [235] ശ്രീ. പിരപ്പൻകോട് മുരളി:
,, എ. സി. മൊയ്തീൻ:
,, മഞ്ഞളാംകുഴി അലി:
,, സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ.എസ്.ആർ.ടി.സി. അടുത്തകാലത്തായി പുറത്തിറക്കിയ ബസ്സുകളുടെ ബോഡി അതിവേഗം തകർന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly